# Kudumbashree Initiative for Business Solutions(KIBS)

**ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഡാറ്റാഎൻട്രി പ്രവർത്തനങ്ങൾക്കായി മൾട്ടി ടാസ്ക് പേഴ്സണൽ (എം.ടി.പി) മാരുടെ (കരാർ) നിയമനം**

**വിജ്ഞാപനം**

കുടുംബശ്രീ മിഷൻറെ ഭാഗമായി ദേശീയ നഗര ഉപജീവന മിഷൻ (DAY-NULM) പദ്ധതിയിലേക്ക് എൻ.യു.എൽ.എം ഇ.എസ്.റ്റി&പി പദ്ധതിയിലൂടെ പരിശീലനം പൂർത്തീകരിച്ച യുവതി യുവാക്കളിൽ നിന്നും KIBS മുഖാന്തിരം വിവിധ നഗരസഭകളിൽ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കരാർ വ്യവസ്ഥയിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

1. തസ്തിക : മൾട്ടി ടാസ്ക് പേഴ്സണൽ (എം.ടി.പി), **NULM**
2. ഒഴിവ് : 40 മുതൽ 50 വരെ (വിവിധ നഗരസഭകളിൽ)
3. നിയമന രീതി : കരാർ നിയമനം (കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31.03.2024 വരെ)

4. വിദ്യാഭ്യാസ യോഗ്യത : 1. **Plus Two**
   2. **Account Assistant using Tally & Domestic Data Entry** കോഴ്സുകൾ പാസായിരിക്കണം (ബാച്ച് 2019-20,2020-21, 2021-22).

5. പ്രായപരിധി : 01.11.2023 തീയതിയിൽ 40 വയസ്സിൽ കൂടാൻ പാടുള്ളതല്ല.

6. വേതനം : 15,000/-രൂപ പ്രതിമാസം

7. ജോലിയുടെ സ്വഭാവം: കുടുംബശ്രീ ജില്ലാ മിഷനുകീഴിൽ നഗരസഭകളിൽ എൻ.യു.എൽ.എം പദ്ധതികളിൽ ഉൾപ്പെട്ട എം.ഐ.എസ് അപ്ഡേഷൻ.

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

   1. അപേക്ഷ കുടുംബശ്രീ/ KIBS വെബ്സൈറ്റിൽ ലഭ്യമായ നിർദ്ദിഷ്ട ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
   2. നിയമനം KIBS മുഖാന്തിരം നടത്തുന്ന അഭിരുചി പരീക്ഷ പരീക്ഷ/അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും.

9. **നിയമന പ്രക്രിയ**

1. സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിശദമായി പരിശോധിച്ച് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് പൂർണ്ണ അധികാരം KIBS നായിരിക്കും.

2. ലഭിക്കുന്ന അപേക്ഷകളിൽ എൻ.യൂ.എൽ.എം ഇ.എസ്.റ്റി & പി പദ്ധതി പ്രകാരം മേൽപറഞ്ഞ യോഗ്യതയും പ്രസ്തുത കോഴ്സ് പാസായ ഉദ്യോഗാർത്ഥികളുടെ അപേക്ഷ പരിശോധിച്ച്, ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്ത് പരീക്ഷയും, ഇൻറർവ്യൂം അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും, ഇൻറർവ്യൂം ഏതാണ് അനുയോജ്യമായത് ആ രീതിയിൽ നിയമന പ്രക്രിയ നടത്തുന്നതിന് KIBS ന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

recruitmentnulm@gmail.com എന്ന മെയിൽ ഐ.ഡിയിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 31.12.2023

I/103731/2023

12. **<u>മറ്റ് നിബന്ധനകൾ</u>**

1. അപേക്ഷകൾ KIBS ഓഫീസിലോ, കുടുംബശ്രീ ജില്ലാമിഷനുകളിലോ, സംസ്ഥാനമിഷനിലോ നേരിട്ട് സ്വീകരിക്കുന്നതല്ല. (നിർദ്ദിഷ്ട ഇ-മെയിൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്). ഇ-മെയിൽ വഴി അല്ലാതെ ലഭിക്കുന്ന അപേക്ഷകളും യഥാസമയം ലഭിക്കാത്ത അപേക്ഷകളും അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.

2. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന സമയം ജോലി പ്രവേശിക്കാത്ത പക്ഷം ഈ നിയമനം റദ്ദാക്കുന്നതും ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുന്നതുമാണ്.

3. റാങ്ക് ലിസ്റ്റിൻറെ കാലാവധി പ്രസിദ്ധീകരിച്ച ദിവസം മുതൽ 31.03.2024 വരെ ആയിരിക്കും.

4. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ
KIBS